## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4302 26.06.2014 -ൽ മറുപടിയ്ക്ക്

### സമഗ്ര മാതൃ ഭാഷാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ.ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമായും നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; ഇക്കാര്യത്തിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ ; | (എ) & (ബി)<br>01.09.2011 -ലെ സർക്കാർ ഉത്തരവ് (പി) നം.183/2011 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ചില ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്കൂളുകൾ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി 10.05.12 -ൽ ഇത്തരം സ്കൂൾ അധികൃതരുടെ ഒരു യോഗം വിളിച്ച് ചേർക്കുകയും കർശനമായും സർക്കാർ ഉത്തരവ് പാലിക്കുന്നതിന് വേണ്ട നിർ ദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആകയാൽ ഇത്തരം സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന ബഹു .ഹൈക്കോടതിയുടെ ഡബ്ല്യു പി(സി) നം.2435/2012 ഉത്തരവ് |

(.........2)

നിലനിൽക്കുന്നതിനാൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ മലയാള ഭാഷാപഠനത്തിന് സാങ്കേതികമായ ബുദ്ധിമുട്ടുകൾ കൈവന്നിട്ടുണ്ട്.

(സി) ചില ഉന്നത ഉദ്യോഗസ്ഥർ മലയാള ഭാഷാ പഠനത്തിൽ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർ ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ ?

(സി) ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ